ബാലവേല നിയന്ത്രിക്കുന്നതിന് ബോധവൽക്കരണം

39 [2908] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാലവേല നിയന്ത്രിക്കുന്നതിനുവേണ്ട ബോധവൽക്കരണവും പ്രചാരണ പ്രവർത്തനങ്ങളും ഗ്രാമപ്രദേശങ്ങളിലും ചേരിപ്രദേശങ്ങളിലും നടത്തുന്നതിന് വേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

ബാലവേല കൂടുതലായി കണ്ടുവരുന്നത് നഗരങ്ങളിലായതിനാൽ ഇതിനെതിരെയുള്ള ബോധവൽക്കരണ പ്രചാരണ പ്രവർത്തനങ്ങളും മുഖ്യമായും നഗരങ്ങളിലാണ് കേന്ദ്രീകരിച്ചിരുന്നത്. ഇത്തരം പ്രവർത്തനങ്ങളും ഗ്രാമ പ്രദേശങ്ങളിലേക്കും, ചേരിപ്രദേശങ്ങളിലേക്കും കൂടി വ്യാപിപ്പിക്കുവാൻ ശ്രമിക്കുന്നതാണ്. ബോർഡുകളും വ്യാപകമായി സ്ഥാപിച്ചിട്ടുണ്ട്. സിനിമാ തിയേറ്ററുകളിൽ സ്ലൈഡുകളും കാണിക്കുന്നത് ഗ്രാമപ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുവാൻ നടപടിയെടുക്കുന്നതാണ്. ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ സഹായത്തോടെ ബാലവേലക്കെതിരെയുള്ള സന്ദേശം ഉൾക്കൊള്ളുന്ന ഒരു ഡോക്യുമെന്ററി ചിത്രം നിർമ്മിച്ചിട്ടുണ്ട്. ബോധവൽ ക്കരണത്തിന്റെ കാര്യത്തിൽ ഇതൊരു വലിയ കാൽവെയ്പ്പാകുമെന്നാണ് പ്രതീക്ഷ.

അപകടകരമല്ലാത്ത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസം

40 [2909] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടകരമല്ലാത്ത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കുന്നത് സംബന്ധിച്ച സുപ്രീം കോടതി വിധിന്യായം ശദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം എത്ര വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആരംഭിച്ചുവെന്നും അതുവഴി എത്ര കുട്ടികൾക്ക് വിദ്യാഭ്യാസം നൽകിയെന്നും ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(ഡി) കണ്ടെത്തപ്പെട്ട ബാലവേലക്കാർക്ക് സൗജന്യ വിദ്യാഭ്യാസം നൽകുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തമിഴ്നാട് സർക്കാരിനും മറ്റുള്ളവർക്കുമെതിരെ ശ്രീ. എം. സി. മേത്ത സമർപ്പിച്ച റിട്ട്. പെറ്റീഷൻ നമ്പർ 465/1986-ൽ 10-12-1996-ന് ബഹു. സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ, അപകടകര മല്ലാത്ത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി ചില മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഇന്ത്യയിലെ എല്ലാ സംസ്ഥാന സർക്കാരുകളോടും ആവശ്യപ്പെട്ടിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly